(സി) മൂലധനനിക്ഷേപം കോർപ്പറേഷൻ പദ്ധതികൾക്കും ബസ് വാങ്ങാൻ, കെട്ടിടനിർമ്മാണം, സ്ഥലമെടുപ്പ് എന്നിവയ്ക്കുമായി ചെലവാക്കുന്നു. ഗവൺമെൻറ് ലോൺ, പ്രത്യേക ആവശ്യങ്ങൾക്കുവേണ്ടിയാണ് ഉപയോഗിക്കുന്നത്. കോർപ്പറേഷൻറെ നടത്തിപ്പിനാവശ്യമായ ചെലവുകളും അതിലുൾപ്പെടും.

കെ. എസ്. ആർ. ടി. സി. : ബസ്സുകളിൽ വിദ്യാർത്ഥികൾക്കുള്ള യാത്ര നിരക്ക്

771. [170] ശ്രീ. ആർ: എസ്. ഉണ്ണി :
,, എ. വി. താമരാക്ഷൻ :
,, എ. സി. ഷൺമുഖദാസ് :
,, വി. സി. കബീർ :
,, കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ആർ. ടി. സി. ബസ്സുകളിൽ വിദ്യാർത്ഥികൾക്കുള്ള യാത്രാനിരക്ക് സാധാരണ നിരക്കിൻറെ എത്ര ശതമാനമാണ് ;

(ബി) വിദ്യാർത്ഥികൾക്ക് യാത്രാനിരക്ക് അവസാനമായി വർദ്ധിപ്പിച്ചതെന്നാണ് ;

(സി) വിദ്യാർത്ഥികളിൽ നിന്നും കൺസഷൻ ടിക്കറിനത്തിൽ 1985-86-ൽ കിട്ടിയ വരുമാനമെത്ര ?

ഉത്തരം

(എ) റെഗുലർ വിദ്യാർത്ഥികളുടെ യാത്രാനിരക്ക് സാധാരണ നിരക്കിൻറെ 19.44 ശതമാനമണ്. എന്നാൽ പ്രൈവറ്റ് വിദ്യാർത്ഥികളുടേത് സാധാരണ നിരക്കിൻറെ 50 ശതമാനമാണ്.

(ബി) റെഗുലർ വിദ്യാർത്ഥികളുടെ നിരക്ക് അവസാനമായി വർദ്ധിപ്പിച്ചത് 1-6-1976-ൽ ആണ്.

(സി) 85.29 ലക്ഷം രൂപ.

കെ. എസ്. ആർ. ടി. സി. യുടെ പ്രവർത്തനം മെച്ചപ്പെടുത്താനുള്ള നടപടികൾ

772. [171] ശ്രീ. മണിമംഗലത്തു കുട്ട്യാലി :
,, സ്റ്റീഫൻ പാദുവ :
,, പി. പി. തങ്കച്ചൻ :
,, ജി. കാർത്തികേയൻ :
,, എം. എം. ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ആർ. ടി. സി. യുടെ പ്രവർത്തനം മെച്ചപ്പെടുത്താനും ലാഭകരമാക്കാനും എന്തൊക്കെ നടപടികൾ സ്വീകരിച്ചു ;

(ബി) ഈ നടപടിമൂലം ഉണ്ടായ പുരോഗതി വ്യക്തമാക്കാമോ ?

ഉത്തരം

(എ, ബി) കെ. എസ്. ആർ. ടി. സി. യുടെ പ്രവർത്തനം മെച്ചപ്പെടുത്താനും ലാഭകരമാക്കാനും പല പദ്ധതികളും നടപ്പിലാക്കി വരുന്നു. പഴക്കം ചെന്ന ബസ്സുകൾ പിൻവലിച്ച് പകരം പുതിയ ബസ്സുകൾ

LIBRARY ARCHIVES Kerala Legislative Assembly